"ഭരണഭാഷ - മാതൃഭാഷ"

National Games
KERALA 2015

## സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ നടപടി

വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം:- ഡി.ഇ.എസ് - ജീവനക്കാര്യം - അഡീഷണൽ ജില്ലാ ആഫീസർ/സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ/സീനിയർ റിസർച്ച് അസിസ്റ്റന്റ്/സ്ക്രൂട്ടിണി ആഫീസർ തസ്തികയിൽ സ്ഥലംമാറ്റം / സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) 30/09/2014 ലെ 2405 നമ്പർ പ്രകാരമുള്ള അസാധാരണ ഗസറ്റ്
2) 26/02/2011 ലെ ജി.ഒ(പി) 85/2011/ഫിൻ നമ്പർ സർക്കാർ ഉത്തരവ്
3) 4/11/2014 ലെ ഇതേ നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ ഇ.ബി (6) 13444/2014/ഡി.ഇ.എസ്, തീയതി, 01/12/2014**

ഈ വകുപ്പിൽ അഡീഷണൽ ജില്ലാ ആഫീസർ/സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ/സീനിയർ റിസർച്ച് അസിസ്റ്റന്റ്/സ്ക്രൂട്ടിണി ആഫീസർ എന്നീ തസ്തികകളിൽ താഴെ പറയുന്ന സ്ഥലം മാറ്റങ്ങൾ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേരും ഇപ്പോഴത്തെ ആഫീസും | മാറ്റി നിയമിച്ച ആഫീസ് |
|---|---|---|
| 1) | ശ്രീ.ടി.സെയ്താലികുട്ടി,<br>അഡീഷണൽ ജില്ലാ ആഫീസർ<br>അഗ്രിക്കൾച്ചർ ഡയറക്ടറേറ്റ്, തിരുവനന്തപുരം<br>(അപേക്ഷ പ്രകാരം) | അഡീഷണൽ ജില്ലാ ആഫീസർ<br>(ടി.ആർ.എസ്)<br>ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്,<br>ജില്ലാ ആഫീസ്, കണ്ണൂർ<br>(ശ്രീ.എ.കുട്ടിശങ്കരൻ വിരമിച്ച ഒഴിവ്) |

സ്ഥലംമാറ്റപ്പെട്ടവരിൽ ഒരേ സ്റ്റേഷനിൽ ഒരു വർഷത്തെ സേവനം പൂർത്തിയാക്കാത്തവർക്ക് അവരുടെ അപേക്ഷ പ്രകാരമുള്ള മാറ്റമാകയാൽ യാത്രാപ്പടിയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല. എന്നാൽ നിയമാനുസൃതമായ പ്രവേശനകാലത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

പരാമർശം (1) പ്രകാരം അഡീഷണൽ ജില്ലാ ആഫീസർ/സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ/സീനിയർ റിസർച്ച് അസിസ്റ്റന്റ്/സ്ക്രൂട്ടിണി ആഫീസർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് സെലക്ട് ലിസ്റ്റിൽ നിലവിലെ സീനിയറായ 1 ഉദ്യോഗസ്ഥന് 19240-500-21240-560-24040-620-27140-680-29860-750-32860-820-34500/- രൂപ ശമ്പളസ്കെയിലിൽ അഡീഷണൽ ജില്ലാ ആഫീസർ/സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ/സീനിയർ റിസർച്ച് അസിസ്റ്റന്റ്/സ്ക്രൂട്ടിണി ആഫീസർ തസ്തികയിൽ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേരും ഇപ്പോഴത്തെ ആഫീസും | മാറ്റി നിയമിച്ച ആഫീസ് |
|---|---|---|
| 1) | ശ്രീമതി.എം.നിർമ്മല,<br>താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ,<br>താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ്, കൊച്ചി, എറണാകുളം | അഡീഷണൽ ജില്ലാ ആഫീസർ<br>അഗ്രിക്കൾച്ചർ ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം<br>(ശ്രീ.ടി.സെയ്താലികുട്ടിക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവ്) |

ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥൻ തസ്തികയിലെ ശമ്പള നിർണ്ണയവുമായി ബന്ധപ്പെട്ട ഓപ്ഷൻ പരാമർശം(2) ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 41 പ്രകാരം ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. ആഫീസ് മേധാവി ഉദ്യോഗക്കയറ്റം വഴി നിയമനം നൽകിയിട്ടുള്ള ജീവനക്കാരനെ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിലോ, പകരം ജീവനക്കാർ ജോലിക്ക് ഹാജരാകുകയോ ഏതാണോ ആദ്യം എന്ന മുറയ്ക്ക് വിടുതൽ ചെയ്യേണ്ടതാണ്. കൂടാതെ പ്രസ്തുത ഉദ്യോഗസ്ഥൻ വിടുതൽ ചെയ്യുന്നതും /ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ യഥാസമയം ഈ ആഫീസിൽ അറിയിക്കേണ്ടതുമണ്.

ഒപ്പ്
**വി.രാമചന്ദ്രൻ**
**ഡയറക്ടർ ജനറൽ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :

1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2) ഗവ:പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
3) ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ആഫീസ്, എറണാകുളം, കണ്ണൂർ
4) ഡയറക്ടർ, അഗ്രിക്കൾച്ചർ ഡയറക്ടറേറ്റ്, തിരുവനന്തപുരം
5) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്) ✓
6) ഇ.എ (2)/ഗ്രഡേഷൻ സെൽ /ഫയൽ /സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

**സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)**

Pm 1/12